
# UDAYADEEPA

*Congratulations To*

**Rev. Msgr. James Patteril**

Bishop Elect, Diocese of Belthangady



With Prayer
Diocese of Belthangady

Vol. XVII ISSUE-09
SEPTEMBER-2025 BELTHANGADY



**With Prayer**

**Bishop Lawrence Mukkuzhy,**
**Priests, Religious & All the Faithful,**
**Diocese of Belthangady**



# UDAYADEEPA BELTHANGADY

# ಉದಯದೀಪ ಬೆಳ್ತಂಗಡಿ

# ഉദയദീപ ബെൽത്തംഗഡി

## Belthangady Diocesan Bulletin

TO LOVE AND TO SERVE

Vol. XVII Issue-09 September - 2025 Page- 44

Annual Subscription: Rs. 140-00 Single Copy: Rs. 12-00

Edited, Printed and Published, by Fr. Joseph Valiaparambil

Bishop's House, Udayanagar, P.B. No.13

Belthangady - 574 214, D.K., Karnataka, India.

Printed at Shree Raghavendra Printers, Ujire-574 240

Website: www.belthangadydiocese.com

Email : udayadeepabel@gmail.com

Tel.: 08256-232439

# CONTENTS


| | | |
|---|---|---|
| 01. | Notifications from the Chancellery | 5 |
| 02. | Catechism Department News | 8 |
| 03. | Bible Apostolate | 16 |
| 04. | Social Service Department | 24 |
| 05. | Photo gallery | 27 |
| 06. | Bishop’s Diary | 41 |
| 07. | Bishop’s Engagements | 43 |

# രൂപതാകാര്യാലയം

♦ **Pope's Monthly Intention for September - 2025**

സകല സൃഷ്ടിജാലത്തോടുള്ള നമ്മുടെ ബന്ധത്തിനുവേണ്ടി ദൈവം സ്നേഹിക്കുകയും നമ്മുടെ സ്നേഹബഹുമാനങ്ങൾക്ക് അർഹമായിരിക്കുകയും ചെയ്യുന്ന എല്ലാം ജീവജാലങ്ങളുമായിട്ടുള്ള നമ്മുടെ പരസ്പര ആശ്രയത്വം അനുഭവിക്കുന്നതിനുവേണ്ടി വിശുദ്ധ ഫ്രാൻസിസിനാൽ പ്രചോദിതരായി പ്രാർത്ഥിക്കുക.

## ♦ Let us Pray for Rev. Fathers :

**Birth Day : September**

Rev. Fr. Cheriapally Sebastian - 03

Rev. Fr. Pullattu Thomas - 23

**Feast Day : September - 21**

Rev. Fr. Alappatt Mathew

Rev. Fr. Ambatt Mathew

Rev. Fr. Kottarathil Mathew

Rev. Fr. Manappatt Mathew

Rev. Fr. Thazhekattil Mathew

Rev. Fr. Theruvamoola Mathew CMF

Rev. Fr. Vellachalil Mathew

Rev. Fr. Vettamthadathil Mathew

♦ **വിയാനി സദന വെഞ്ചിരിപ്പ് :**

നമ്മുടെ രൂപതയിലെ രോഗികളും വിശ്രമ ജീവിതം നയിക്കുന്നവരുമായ ബഹുമാനപ്പെട്ട അച്ചൻമാർക്കുവേണ്ടി നിർമ്മിച്ച വൈദിക

മന്ദിരം, ''വിയാനി സദന''ത്തിന്റെ വെഞ്ചിരിപ്പ് 2025 ഓഗസ്റ്റ് നാലിന് രാവിലെ 10 മണിക്ക് നടത്തപ്പെട്ടു.

2025 ഓഗസ്റ്റ് 4 നു തിങ്കളാഴ്ച്ച രാവിലെ 10.00 ന് അഭി. മാർ ലോറൻസ് മുക്കുഴി പിതാവ് നാട മുറിച്ചുകൊണ്ട് ഉദ്ഘാടനം ചെയ്തു. വിശുദ്ധ കുർബാനയോടുകൂടെ ''വിയാനി സദന''ത്തിന്റെ വെഞ്ചിരിപ്പ് കർമ്മങ്ങൾക്ക് ആരംഭം കുറിച്ചു. നമ്മുടെ രൂപതാദ്ധ്യക്ഷൻ മാർ ലോറൻസ് മുക്കുഴി പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ അർപ്പിച്ച വിശുദ്ധ ബലിയിൽ, രുപതാ കേന്ദ്രത്തിലെ വൈദികരും രുപതയിലെ സന്യാസ വൈദികരുടെ പ്രതിനിധികളും സഹകാർമ്മികരായിരുന്നു. ഈ വെഞ്ചിരിപ്പിൽ വിവിധ സന്യാസ സമൂഹത്തിലെ പ്രൊവിൻഷ്യൽമ്മാരും, ബഹു. സിസ്റ്റേഴ്സും, കൈക്കാരന്മാരും, ഇടവക പാരീഷ് കൗൺസിൽ അംഗകളും, സ്പോൻസേർസും, പ്രത്യേക ക്ഷണിതാകളും, അയൽവാസികളും സന്നിഹിതരായിരുന്നു. ഒപ്പംതന്നെ ശ്രീ ഹരിശ് പൂഞ്ച എം. എൽ. എ., ശ്രീ പ്രതാപ്സിംഗ് എം. എൽ. സി., ശ്രീ രക്ഷിത്ത്ശിവരാം, മറ്റനേകം വിശിഷ്ഠാതിഥികളും പങ്കെടുക്കുകയുണ്ടായി.

വിശുദ്ധ കുർബാനയ്ക്ക്ശേഷം അഭിവന്ദ്യ ലോറൻസ് മുക്കുഴി പിതാവ് ഉദാരമതികളായി സഹായിച്ചവർക്ക് മെമന്റോ നൽകി ആദരിച്ചു. വിയാനി സദന്റെ നിർമ്മാണത്തിൻ നേതൃത്വം നൽകിയ ബഹു. അബ്രഹം പട്ടേരിയച്ചനെ അഭിവന്ദ്യ പിതാവ് ആദരിച്ചു. വിയാനി സദന്റെ നിർമ്മാണത്തിൻവേണ്ടി, പ്രാർത്ഥനകൊണ്ടും, സാമ്പത്തികമയും സഹായിച്ച എല്ലാവരേയും, ബഹു. എല്ലാ വികാരിയച്ചന്മാരേയും, ബഹു. സിസ്റ്റേഴ്സിനേയും, ഉദാരമതികളായ എല്ലാവരേയും നന്ദിയോടെ ഓർക്കുന്നു.

### ♦ പാസ്റ്ററൽ കൗൺസിൽ കേന്ദ്ര സമിതി യോഗം

2025 ഓഗസ്റ്റ് 8-ാം തിയതി അഭി. പിതാവിന്റെ അധ്യക്ഷതയിൽ രൂപതാ അജപാലന കേന്ദ്ര സമിതി യോഗം നടന്നു.

### ♦ രൂപതാ ആലോചനാസമിതിയുടെ സമ്മേളനം :

2025 ഓഗസ്റ്റ് 13-ാം തിയതി രാവിലെ 09.30 മുതൽ ഉച്ചവരെ രൂപതാ ആലോചനാസമിതിയുടെ സമ്മേളനം അഭി. ലോറൻസ് മുക്കുഴി പിതാവിന്റ അദ്ധ്യക്ഷതയിൽ നടന്നു.

♦ **ജൂണിയർ വൈദികരുടെ സമ്മേളനം :**

രൂപതയിലെ ജൂണിയർ വൈദികരുടെ സമ്മേളനം 2025 ഓഗസ്റ്റ് 13-14 തീയ്യതികളിൽ ജ്ഞാനനിലയത്തിൽ വച്ച് നടന്നു.

♦ **ആദരാഞ്ജലികൾ**

**ശ്രീ മാത്യു ഒറവാനതടത്തിൽ (75)** : ബഹു. അൽഫോൻസ് മാത്യു എസ്. എച്ച്. ന്റെ പ്രിയപ്പെട്ട സഹോദരൻ ശ്രീ മാത്യു ഒറവാന തടത്തിൽ 2025 ഓഗസ്റ്റ് 17-ാം തീയതി നിര്യാതയായി. മൃതസംസ്കാര ശുശ്രൂഷകൾ ഓഗസ്റ്റ് 18 ന് ഉദനെ സെന്റ് തോമസ് ഫൊറോനാ ദേവാലയ സിമിത്തേരിയിൽ നടന്നു. പ്രിയപ്പെട്ട സഹോദരന്റെ വേർപാടിൽ ദുഃഖിക്കുന്ന ബഹു. അൽഫോൻസ് സിസ്റ്ററിനും, കുടുംബാംഗങ്ങൾക്കും രൂപതാകുടുംബത്തിന്റെ അനുശോചനം അറിയിക്കുന്നു, പരേതന്റെ ആത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു.

♦ **Sunday Special Collection** : Bible Sunday - 14th September 2025

**Fr. Lawrence Poonolil**
Chancellor



# വിശ്വാസ പരിശീലന രംഗം

"ദൂതൻ അവളുടെ അടുത്തു വന്നു പറഞ്ഞു ദൈവകൃപ നിറഞ്ഞവളെ സ്വസ്തി കർത്താവ് നിന്നോടുകൂടെ" **- ലൂക്ക 1:28.**

## പരിശുദ്ധ കന്യകാമറിയത്തിന്റെ ജനനത്തിരുനാൾ

രക്ഷാകര പദ്ധതിയുടെ പൂർത്തീകരണത്തിനായി ദൈവേഷ്ടം നിറവേറ്റുന്ന ഒരു മനുഷ്യസ്ത്രീയുടെ ആവശ്യമുണ്ടായിരുന്നു. ദൈവ പദ്ധതി അനുസരിച്ച് പരിശുദ്ധ കന്യകാമറിയം പാപക്കറയില്ലാതെ ജനിച്ചു. ദൈവേഷ്ടം നിറവേറ്റിക്കൊണ്ട് ദൈവകുമാരന് അമ്മയായി അവനെ വളർത്തി വലുതാക്കി. ആ അമ്മയുടെ ജനനത്തിരുനാൾ സെപ്റ്റംബർ എട്ടാം തീയതി നമ്മൾ ആചരിക്കുന്നു. ഇത് നല്ല രീതിയിൽ ആചരിക്കാൻ നമുക്ക് എട്ടു ദിവസം നോമ്പ് നോക്കി പ്രാർത്ഥിച്ചു ഒരുങ്ങാം. തിരുനാളിന്റെ മംഗളങ്ങൾ എല്ലാവർക്കും നേരുന്നു.

## പുതിയ പിതാവിന് സ്വാഗതം

സീറോ മലബാർ സിനഡ് നമുക്കുവേണ്ടി പുതിയ ഒരു പിതാവിനെ നൽകിയിരിക്കുന്നു. അഭിവന്ദ്യ ലോറൻസ് മുക്കുഴി പിതാവ് ആരോഗ്യപ്രശ്നം കാരണം വിരമിച്ചതുകൊണ്ടാണ് നമുക്ക് പുതിയ പിതാവിനെ ലഭിച്ചത്. കാലാകാലങ്ങളിൽ നല്ല ഇടയന്മാരെ നല്കി കൊണ്ട് ദൈവം സഭയേയും രൂപതയേയും അനുഗ്രഹിക്കുന്നു. പുതിയ പിതാവിനെ നല്കി അനുഗ്രഹിച്ച ദൈവത്തിന് നന്ദി പറയാം. പുതിയ പിതാവിന് എല്ലാം നന്മകളും നൽകി അനുഗ്രഹിക്കണമെന്ന് നമുക്ക് പ്രാർത്ഥിക്കാം. നിയുക്ത പുതിയ പിതാവിന് വിശ്വാസ പരിശീലന രംഗത്തിന്റെ പേരിൽ സ്വാഗതം നേരുന്നു.

## ഫൊറോന സെമിനാറുകൾ

03-08-25 ന് തോട്ടത്താടി ധർമ്മസ്ഥല ഫൊറോനകൾ ഒരുമിച്ച് ധർമ്മസ്ഥലയിൽ സെമിനാർ നടത്തി. 115 അധ്യാപകർ പങ്കെടുത്തു. 10-08-25 ന് ഉദനെ കുട്രുപ്പാടി ഫൊറോനകൾ ഒരുമിച്ച് നെല്യാടിയിൽവച്ച് സെമിനാർ നടത്തി. 102 അധ്യാപകർ പങ്കെടുത്തു. 17-08-25 ന് സിദ്ധാപുര കൊഡഗു ഫൊറോന സെമിനാർ സിദ്ധാപുരയിൽവച്ച് നടന്നു. 37 അധ്യാപകർ പങ്കെടുത്തു. 24-08-25 ന് ബജഗൊളി റീജനൽ സെമിനാർ ബജഗൊളിയിൽവച്ച് നടന്നു. 48 അധ്യാപകർ പങ്കെടുത്തു. സോയൂസ്

ജോൺ സാറാണ് ക്ലാസ്സുകൾ നയിച്ചത്. എല്ലാ ക്രമീകരണങ്ങളും ചെയ്ത ബന്ധപ്പെട്ട എല്ലാവർക്കും, ക്ലാസ് എടുത്ത സാറിനും പങ്കെടുത്ത എല്ലാവർക്കും പ്രത്യേകം നന്ദി.

**പതിനൊന്നാം ക്ലാസിലെ നവീകരിച്ച പാഠപുസ്തകം കന്നഡ ഭാഷയിൽ**

കർണാടകയിലെ കുട്ടികൾക്കുവേണ്ടി പതിനൊന്നാം ക്ലാസിലെ വിശ്വാസ പരിശീലനത്തിന്റെ നവീകരിച്ച പാഠപുസ്തകം കന്നഡ ഭാഷയിൽ തയ്യാറാക്കിയിരിക്കുന്നു. 'ക്രൈസ്തവജീവിതം സഭയിലും സമൂഹത്തിലും' എന്ന മലയാളം പുസ്തകത്തിന്റെ കന്നഡ പരിഭാഷയാണ് "ക്രൈസ്തവ ജീവന ധർമ്മസഭെയല്ലി മത്തു സമാജദല്ലി." ഈ പുസ്തകം ഓഗസ്റ്റ് പത്താം തീയതി വിശുദ്ധ ലോറൻസ് പുണ്യവാളന്റെ തിരുനാൾ ദിവസം അഭിവന്ദ്യ ലോറൻസ് മുക്കുഴി പിതാവ് പ്രകാശനം ചെയ്തു. സീറോ മലബാർ സഭയിൽ 2024-25 അധ്യയന വർഷം മുതൽ ഈ പാഠപുസ്തകം പ്രാബല്യത്തിൽ വന്നു. കന്നഡ ഭാഷയിലേക്ക് വിവർത്തനം ചെയ്യേണ്ടിയിരുന്നതുകൊണ്ട് കർണാടകയിലുള്ള ഭദ്രാവതി, ബെൽത്തങ്ങാടി, മണ്ഡ്യ രൂപതകളിൽ 2025-26 അധ്യയന വർഷം മുതലാണ് ഈ പുസ്തകം പ്രാബല്യത്തിൽ വന്നത്.

ബഹു. ജോസഫ് മറ്റത്തിൽ അച്ചന്റെ നേതൃത്വത്തിൽ വർഗീസ് കഴുതാടിയിൽ, ബേബി ജോസഫ് കള്ളികാട്ട്, ആൻറണി തോട്ടപ്പള്ളി, ജെസ്സി പുതുമന എന്നിവരുടെ ഒരു വർഷത്തെ പരിശ്രമ ഫലമാണ് ഈ പുസ്തകം. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാവരെയും നന്ദിയോടെ സ്മരിക്കുന്നു. ഇതിനുവേണ്ട എല്ലാ പ്രോത്സാഹനവും നല്കി ഞങ്ങളെ അനുഗ്രഹിച്ചത് അഭിവന്ദ്യ ലോറൻസ് മുക്കുഴി പിതാവാണ്.

ബെൽത്തങ്ങാടി രൂപതയിലെ എല്ലാ സണ്ടേ സ്കൂളുകളിലും ഈ വർഷം മുതൽ ഈ പുസ്തകം ഉപയോഗിക്കപ്പെടുന്നു. ഇത് നമ്മുടെ കുട്ടികൾക്ക് അനുഗ്രഹമാകട്ടെ എന്ന് ആശംസിക്കുന്നു.

## സണ്ടേസ്കൂൾ സന്ദർശനം

സണ്ടേസ്കൂൾ സന്ദർശനം നടന്നുകൊണ്ടിരിക്കുന്നു. 17-08-25 ന് കങ്കനാടി-മംഗലാപുരം, കളഞ്ച ഇടവകകളും, 24-08-25 ന് കാട്ടിപ്പള്ള കൽമക്കി, മദ്ദോടി ശിരൂര് ഇടവകകളിലും സന്ദർശനം നടത്തി. എല്ലാം വേണ്ടവിധം ക്രമീകരിച്ച വികാരിയച്ചന്മാർക്കും പ്രധാന അധ്യാപകർക്കും നന്ദി.

### അടുത്ത സന്ദർശനങ്ങൾ

07-09-25 - Hebri, Ajekar, Bajagoli, Malachowki, Kervashe

14-09-25 - Kuthlur, Mantrady, Belthangady, Bangady

21-09-25 - Devagiri, Gandibagilu, Thottathady, Kanjal

28-09-25 - Mundaje, Dharmasthala, Battial

### ഒന്നാം സെമസ്റ്റർ പരീക്ഷ

**ഒക്ടോബർ 26 നാണ്** ഒന്നാം സെമസ്റ്റർ പരീക്ഷ നടക്കുന്നത്. പരീക്ഷാ സിലബസും ചോദ്യപേപ്പറുകളുടെ മാതൃകയും താഴെ നൽകുന്നു.

## Syllabus

**Lessons:**

Class 1st to 10th – Chapters 1 to 8.

Class 11th & 12th – Chapters 1 to 6.

**GK:** 1. Catholic Church 2. Bible.

**Prayers & Questions** are sent through Whats App.

**Saints:** Saint Francis Assisi - for Class 4th to 12th.

## Question paper pattern

**1st - 3rd STD** - Oral questions in three languages - **40** Marks.

| **4th STD - Total 80 Marks** | | **Qns.** | | **Mks.** | | **Total** |
|---|---|---|---|---|---|---|
| I Fill in the blanks | - | 7 | x | 2 | = | 14 |
| II Choose the correct answer | - | 7 | x | 2 | = | 14 |
| III Match the following | - | 5 | x | 2 | = | 10 |
| IV Short Answer Questions | - | 6 | x | 3 | = | 18 |
| | | | | | | 56 |

**Questions for oral examination:**

| | | | | | | |
|---|---|---|---|---|---|---|
| I Saint Francis Assisi | - | 4 | x | 2 | = | 8 |
| II Prayer & Questions | - | 4 | x | 2 | = | 8 |
| III G.K. | - | 4 | x | 2 | = | 8 |
| | | | | | | 24 |

**5th – 10th STD** - Total **80** Marks

| | | | |
|---|---|---|---|
| I Fill in the blanks | - | 5 x 2 | = 10 |
| II Choose the correct answer | - | 10 x 1 | = 10 |
| III Match the following | - | 5 x 1 | = 05 |
| IV Short Answer Questions | - | 5 x 3 | = 15 |
| V Long Answer Questions | - | 4 x 4 | = 16 |
| | | | 56 |

**Questions for oral examination:**

| | | | |
|---|---|---|---|
| I Saint Francis Assisi | - | 4 x 2 | = 8 |
| II Prayer & Questions | - | 4 x 2 | = 8 |
| III G.K. | - | 4 x 2 | = 8 |
| | | | 24 |

**11th & 12th STD** - Total **80** Marks

| | | |
|---|---|---|
| I Fill in the blanks | - | 4 x 1 = 4 |
| II Choose the correct answer | - | 4 x 1 = 4 |
| III Match the following | - | 4 x 1 = 4 |
| IV Short Answer Questions | - | 4 x 5 = 20 |
| V Long Answer Questions | - | 3 x 8 = 24 |
| | | 56 |

**Questions for oral examination:**

| | | | |
|---|---|---|---|
| I Saint Francis Assisi | - | 4 x 2 | = 8 |
| II Prayer & Questions | - | 4 x 2 | = 8 |
| III G.K. | - | 4 x 2 | = 8 |
| | | | 24 |

**മതബോധന മണിക്കൂർ**

എല്ലാ ഇടവകകളിലും മതബോധന മണിക്കൂർ നന്നായി നടക്കുന്നുണ്ട് എന്ന് ഞാൻ വിശ്വസിക്കുന്നു. ഈ പഠന പദ്ധതി നന്നായി നടക്കാൻ അധ്യാപകരും മാതാപിതാക്കളും സഹകരിക്കണമെന്ന് അപേക്ഷിക്കുന്നു.

**ഡിജിറ്റൽ ഫാസ്റ്റിംഗ്**

ഈ വർഷം നമ്മൾ ആരംഭിച്ച പുതിയ പദ്ധതിയാണിത്. എല്ലാ ഇടവകകളിലും ഇത് നടക്കുന്നുണ്ട് എന്ന് ഞാൻ വിശ്വസിക്കുന്നു. ഇതുവരെയും ആരംഭിക്കാത്ത ഇടവകകൾ ഉണ്ടെങ്കിൽ ആരംഭിക്കണം എന്ന് അറിയിക്കുന്നു. തിങ്കളാഴ്ച മുതൽ വെള്ളിയാഴ്ച വരെയുള്ള ദിവസങ്ങളിൽ വൈകുന്നേരം ഏഴു മണിമുതൽ എട്ടുമണി വരെ എല്ലാ ഡിജിറ്റൽ ഉപകരണങ്ങളും ഓഫ് ചെയ്ത് ആ സമയം കുടുംബ പ്രാർത്ഥനയ്ക്കും ഒരുമിച്ച് ഭക്ഷണം കഴിക്കുന്നതിനും പരസ്പരം സംസാരിക്കുന്നതിനും ഉപയോഗിക്കുക.

**അസൈൻമെന്റുകൾ**

സഭാതലത്തിൽ നടന്ന വെബിനാറിന്റെ അസൈൻമെൻറ് ഓഗസ്റ്റ് 31 ന് ഉള്ളിലായി എത്തിക്കണമെന്ന് അറിയിച്ചിരുന്നു. ഇതുവരെയും തരാത്തവർ ഉടനെ എത്തിക്കണമെന്ന് ഓർമിപ്പിക്കുന്നു. ഇതിന്റെ വിവരങ്ങൾ നമ്മൾ കാക്കനാടിലേക്ക് അയച്ചു കൊടുക്കേണ്ടതാണ്.

**മിഷൻ ക്വെസ്റ്റ്**

ആഗോളതലത്തിൽ വിവിധ ഭാഷകളിലായി നടത്തപ്പെടുന്ന മിഷൻ ക്വെസ്റ്റ് എന്ന ഓൺലൈൻ ക്വിസ് മത്സരം അഞ്ചാം പതിപ്പ് ഈ വർഷം **നവംബർ 9 ന് ഇന്ത്യൻ സമയം വൈകുന്നേരം 6.00 മണിക്ക്** നടത്തപ്പെടുന്നതാണ്.

പഠിക്കാനുള്ള വിഷയങ്ങൾ നിങ്ങൾക്ക് നൽകിയിട്ടുണ്ട്. സമയം ലഭിക്കുന്നതനുസരിച്ച് പഠിച്ച സമ്മാനം കരസ്ഥമാക്കുക.

**സിൽവർ ജൂബിലി അധ്യാപകർ**

2025 – 26 അധ്യായന വർഷത്തിൽ വിശ്വാസ പരിശീലനരംഗത്ത് 25 വർഷം സേവനം പൂർത്തിയാക്കുന്നവർ നിങ്ങളുടെ പേര് വിവരങ്ങൾ തന്നിരിക്കുന്ന ഫോമിൽ പൂരിപ്പിച്ച് **സെപ്റ്റംബർ 15 നുള്ളിൽ** അയച്ചുതരിക.

## B.Th. Course

ബി.ടി.എച്ച്. കോഴ്സിന് രജിസ്റ്റർ ചെയ്തവർ ഓരോ വർഷത്തെയും പരീക്ഷകൾ എഴുതി കോഴ്സ് പൂർത്തിയാക്കണമെന്ന് ഓർമിപ്പിക്കുന്നു.

# ചെറുപുഷ്പ മിഷൻ ലീഗ്

## മാതാവിന്റെ ജനനത്തിരുനാൾ

സെപ്റ്റംബർ 8 ാം തിയതി പരിശുദ്ധ അമ്മയുടെ ജനനത്തിരുനാൾ സഭ മുഴുവനും ആഘോഷിക്കുകയാണ്. അമ്മയുടെ ജനനത്തിരുനാളിന് ഒരുക്കമായി എട്ടുദിവസം നോമ്പു നോക്കാൻ സഭ ആവശ്യപ്പെടുന്നു. സാധിക്കുന്നവരെല്ലാം നോമ്പ് ആചരിക്കാൻ പരിശ്രമിക്കുക. പരിശുദ്ധ അമ്മയുടെ ജനന തിരുനാളിന്റെ ആശംസകൾ എല്ലാവർക്കും നേരുന്നു.

## സുകൃതവാരം

സുകൃതവാരം എല്ലാവരും നന്നായി നടത്തിയെന്ന് ഞാൻ വിശ്വസിക്കുന്നു. ഇതുവരെയും എണ്ണം തരാത്തവർ സെപ്റ്റംബർ 10ന് മുമ്പായി തരണമെന്ന് ഓർമിപ്പിക്കുന്നു.

## മിഷൻ ഗ്രാമം

മിഷൻ ഗ്രാമമായി നിങ്ങൾക്ക് ലഭിച്ചിരിക്കുന്ന ഇടവകയിലെ വികാരി അച്ചന്മാരെ വിളിച്ച് ഇടവകയെക്കുറിച്ച് പഠിക്കുകയും അവർക്ക് വേണ്ടി പ്രാർത്ഥിക്കുകയും സഹായം ചെയ്യാൻ സാധിക്കുമെങ്കിൽ ചെയ്യുകയും ചെയ്യണമെന്ന് അപേക്ഷിക്കുന്നു.

## മാലിപ്പറമ്പിൽ അച്ചന്റെ ഓർമ്മദിനം

ബഹുമാനപ്പെട്ട മാലിപ്പറമ്പിൽ അച്ചന്റെ ഇരുപത്തിയേഴാം മരണവാർഷികമാണ് സെപ്റ്റംബർ ഒമ്പതാം തീയതി. അന്നേദിവസം സാധിക്കുന്നവരെല്ലാം വിശുദ്ധ കുർബാനയിൽ പങ്കെടുത്ത് മാലിപ്പറമ്പിൽ അച്ചനുവേണ്ടി പ്രാർത്ഥിക്കണം. ഈ മാസം മാലിപ്പറമ്പിൽ അച്ചനെ കുറിച്ച് കുട്ടികൾക്ക് പറഞ്ഞു കൊടുക്കണം.

## ചെയിൻ പ്രയർ

ഈ മാസം ചെയിൻ പ്രയർ നടത്തേണ്ടവർ:

| | | |
|---|---|---|
| Battial | Manipal | 7-14 Sept 2025 |
| Kanjal | Katipalla | 14-21 Sept 2025 |
| Devagiri | Kankanady | 21-28 Sept 2025 |
| Gandibagilu | Puttur | 28-9 to 5-10-2025 |
| Thottathady | Heggala | 5-12 Oct 2025 |

## മിഷൻ ലീഗിനെ അറിയാം

**ആദർശവാക്യം:**

"ഭാരതമേ നിന്റെ രക്ഷ നിന്റെ സന്താനങ്ങളിൽ." (13 ാം ലേയോ മാർപാപ്പ.)

**ലക്ഷ്യം:**

1. **പ്രേഷിത പ്രവർത്തനം:** 'നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ' - മർക്കോസ് 16:15. എന്ന ദൗത്യം പ്രാവർത്തികമാക്കിക്കൊണ്ട് വ്യക്തികളിലും കുടുംബങ്ങളിലും ഇടവകകളിലും സ്ഥാപനങ്ങളിലും പ്രേഷിത ചൈതന്യം വളർത്തി, പ്രാർത്ഥന, സംഭാവന, സന്മാതൃക, ജീവകാരുണ്യ പ്രവർത്തനങ്ങൾ എന്നിവ മുഖേന ഇടവകയിലും രൂപതയിലും ലോകം മുഴുവനും പ്രത്യേകമായി ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിലുമുള്ള എല്ലാവിധ പ്രേഷിത പ്രവർത്തനങ്ങളെയും സംഘടിതമായി സഹായിക്കുക.

2. **ദൈവവിളി പ്രോത്സാഹനം:** അനുദിന പ്രാർത്ഥനകളും മാനുവൽ ബുക്കിൽ ഉൾപ്പെട്ട പുണ്യ പ്രവർത്തികളും കൃത്യമായി പരിശീലിച്ചുകൊണ്ടും വിശുദ്ധരുടെ ജീവിത മാതൃക പരിചയപ്പെടുത്തിക്കൊണ്ടും അംഗങ്ങളിലെ ദൈവവിളിയെ തിരിച്ചറിയാൻ സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

3. **വ്യക്തിത്വവികസനം:**

ആധ്യാത്മികവും സാമൂഹ്യവും സാംസ്കാരികവും മാനസികവുമായ മണ്ഡലങ്ങളിൽ സമഗ്ര വികസനം പ്രാപിക്കുന്നതിന് അംഗങ്ങളെയും മറ്റുള്ളവരെയും സഹായിക്കുക.

**മുദ്രാവാക്യം:**

സ്നേഹം, ത്യാഗം, സേവനം, സഹനം.

**സ്വർഗ്ഗീയ മധ്യസ്ഥ:**

വിശുദ്ധ കൊച്ചുത്രേസ്യ

**ഉപമധ്യസ്ഥർ:**

വിശുദ്ധ തോമാശ്ലീഹാ, വിശുദ്ധ ഫ്രാൻസിസ് സേവിയർ, വിശുദ്ധ അൽഫോൻസാമ്മ.

**അടിസ്ഥാന ഘടകം:**

7 അംഗങ്ങളുടെ ഗ്രൂപ്പുകൾ

**പ്രവർത്തന വർഷം:**

ജൂൺ 1 മുതൽ മെയ് 31 വരെ.

തുടരും .....

**പ്രവർത്തനം**

എല്ലാദിവസവും ഒരു സ്വർഗ്ഗസ്ഥനായ പിതാവേ ..., ഒരു നന്മ നിറഞ്ഞ മറിയമേ ... എന്ന പ്രാർത്ഥന ചൊല്ലി കാഴ്ചവച്ച് ലോകസമാധാനത്തിനുവേണ്ടി പ്രാർത്ഥിക്കാം.

**വചനം**

"എന്റെ ആത്മാവ് കർത്താവിനെ മഹത്വപ്പെടുത്തുന്നു, എന്റെ ചിത്തം എന്റെ രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നു." - ലൂക്കാ 1:46-47.

**അനുസ്മരിക്കുന്ന തിരുനാൾ**

മാതാവിന്റെ ജനനത്തിരുനാൾ - സെപ്റ്റംബർ 8

**സുകൃതജപം**

'ജന്മപാപം ഇല്ലാതെ ജനിച്ച പരിശുദ്ധ മറിയമേ, എനിക്കുവേണ്ടി പ്രാർത്ഥിക്കണമേ.'

# തിരുബാലസഖ്യം

## മത്സരങ്ങൾ

തിരുബാലസഖ്യം കുട്ടികളുടെ ഇടവകാതല മത്സരങ്ങൾ സെപ്റ്റംബർ 21 ന് മുമ്പായി നടത്തി വിജയികളുടെ പേരുവിവരങ്ങൾ ഫൊറോനയിലേക്ക് അയച്ചു കൊടുക്കണം.

ഒക്ടോബർ 19 ന് മുമ്പായി ഫൊറോന തലത്തിൽ മത്സരങ്ങൾ നടത്തി വിജയികളുടെ പേര് വിവരങ്ങൾ രൂപതയിൽ എത്തിക്കണം.

നവംബർ അഞ്ചാം തീയതി രൂപതാതല മത്സരങ്ങൾ നടത്തപ്പെടുന്നതായിരിക്കും.

**പ്രവർത്തനം**

എല്ലാ ദിവസവും ഒരു നന്മ നിറഞ്ഞ മറിയമേ ... എന്ന പ്രാർത്ഥന ചൊല്ലി ലോകസമാധാനത്തിനു വേണ്ടി പ്രാർത്ഥിക്കുക.

**വചനം**

"ദൂതൻ അവളുടെ അടുത്തുവന്ന് പറഞ്ഞു. ദൈവകൃപ നിറഞ്ഞവളെ സ്വസ്തി കർത്താവ് നിന്നോടുകൂടെ." - ലൂക്കാ 1:28.

**അനുസ്മരിക്കുന്ന തിരുനാൾ**

വിശുദ്ധ മദർ തെരേസ സെപ്റ്റംബർ - 5

**സുകൃത ജപം**

എന്റെ അമ്മേ, എന്റെ ആശ്രയമേ.

## ബൈബിൾ അപ്പസ്തോലേറ്റ്

സെപ്റ്റംബർ മാസത്തിൽ വിശുദ്ധ യോഹന്നാന്റെ സുവിശേഷം എഴുതി പൂർത്തിയാക്കുവാൻ നമുക്ക് പരിശ്രമിക്കാം.

തുടർച്ച ...

**16:2 – ദൈവത്തിനു ശുശ്രൂഷ ചെയ്യുന്നു:** ഫിനെഹാസിന്റെ വിവരണത്തെ കുറിച്ചുള്ള (സംഖ്യ 25:1–13) റബ്ബിമാരുടെ വ്യാഖ്യാനപ്രകാരം മതത്യാഗം ചെയ്ത യഹൂദരെ വധിക്കുന്നത് ദൈവത്തിന് ബലിയർപ്പിക്കുന്നതിന് തുല്യമാണ്.

**16:7 – ആശ്വാസകൻ:** യേശുവിന്റെ ജോലി പൂർത്തിയായ ശേഷമാണ് ആശ്വാസകന്റേത് ആരംഭിക്കുന്നത്. യേശുവിന്റെ അഭാവത്തിൽ അവിടുത്തെ സാന്നിധ്യവും പ്രവർത്തനങ്ങളും തുടരുകയാണ് പരിശുദ്ധാത്മാവിന്റെ ദൗത്യം (യോഹ 14:16).

**16:7 – നിങ്ങളുടെ നന്മക്കുവേണ്ടി:** പരിശുദ്ധാത്മാവു വരുമ്പോൾ നിരവധി മഹത്തായ അനുഗ്രഹങ്ങൾ അവർക്ക് ലഭിക്കും (യോഹ 14:17, അപ്പ 2:1–4); 1. ദൈവവചനം ധൈര്യസമേതം പ്രസംഗിക്കാനുള്ള കഴിവ് (അപ്പ 1:8, 4:31). 2. സത്യം കാത്തുസംരക്ഷിക്കാനും അതിന്റെ പൂർണതയിൽ അറിയാനുമുള്ള കൃപാവരം (യോഹ 16:13), 3. പീഢനങ്ങൾ സഹിക്കേണ്ടിവരുമ്പോൾ യേശുവിന് സാക്ഷ്യം വഹിക്കാനുള്ള കൃപ (ലൂക്ക 12:11, 12), 4. നീതിപൂർവകമായ നിയമത്തിന്റെ അനുശാസനം നിറവേറ്റുന്നതിനുള്ള കൃപ (റോമ 8:4).

**16:8–11:** വിചാരണയുടെ ചിത്രമാണ് ഇവിടെയുള്ളത്. ഇതിന് മുൻപ് യേശുവിനെ വിധികർത്താവായി ചിത്രീകരിച്ചിരിക്കുന്നു എങ്കിൽ ഇവിടെ പരിശുദ്ധാത്മാവാണ് ലോകത്തിന്റെ വിധികർത്താവ്. മൂന്നു കാര്യങ്ങളാണ് ഇവിടെ പറയുന്നത്; 1. യേശുവിൽ വിശ്വസിക്കാത്തത് അടിസ്ഥാന പാപമാണ്. 2. യേശു കുറ്റവാളിയായി വിധിക്കപ്പെട്ടു മരിച്ചെങ്കിലും യഥാർത്ഥത്തിൽ നീതി വിജയിക്കുകയും പിതാവിന്റെ സന്നിധിയിലേക്ക് സംവഹിക്കപ്പെടുകയും ചെയ്തു. 3. യേശുവിന്റെ മരണത്തിലൂടെ ഈ ലോകത്തിന്റെ ഭരണാധികാരി ആയ പിശാചാണ് കുറ്റവാളിയായി വിധിക്കപ്പെടുന്നത്.

**16:13 – പൂർണ സത്യത്തിലേക്ക്:** പരിശുദ്ധാത്മാവ് യേശുവിന്റെ സുവിശേഷത്തിന്റെ പൂർണമായ അർത്ഥം വെളിപ്പെടുത്തുന്നു (യോഹ 14:26). മിശിഹായിലൂടെ പൂർത്തീകരിക്കപ്പെട്ട ദൈവവചനത്തിന്റെ പൊരുൾ ഗ്രഹിക്കാനും പ്രായോഗികമാക്കാനും സത്യാത്മാവ് ശിഷ്യരിൽ പ്രവർത്തിക്കും.

**16;16 – അല്പസമയം:** ആദ്യത്തെ പ്രയോഗം യേശുവിന്റെ കുരിശു മരണത്തിന് മുൻപുള്ള സമയവും തുടർന്നുള്ളത് ഉത്ഥാനത്തിൽ ശിഷ്യന്മാർ വീണ്ടും അവിടുത്തെ കാണുന്നതും സൂചിപ്പിക്കുന്നു.

**16:21 – അവളുടെ സമയം:** ക്രിസ്തുവിന്റെ പീഡാസഹന സമയത്തെ സ്ത്രീയുടെ ഈറ്റുനോവിനോടും ഉത്ഥാനത്തെ ഒരു ശിശുവിന്റെ ജനനത്തോടും ഇവിടെ ഉപമിക്കുന്നു. യേശുവിന്റെ സഹനത്തിൽ പങ്കുചേരുന്ന ശിഷ്യർ അവിടുന്ന് നൽകുന്ന പുതു ജീവനിൽ പങ്കുചേരുന്നു.

**16:33 – സമാധാനം ഉണ്ടാകേണ്ടതിനാണ്:** ഞെരുക്കങ്ങൾക്കിടയിലും നിലനിൽക്കുന്നതാണ് യേശു തരുന്ന സമാധാനം. ഈ സമാധാനം യേശു ലോകത്തെ കീഴടക്കിയതിൽനിന്ന് വരുന്നു (യോഹ 14:27). **ലോകത്തെ കീഴടക്കിയിരിക്കുന്നു:** ദൈവത്തിന് എതിരെ നിൽക്കുന്ന ലോക ശക്തികളെ കീഴടക്കുന്ന ഈ വിജയം, പൗലോസ് ശ്ലീഹായുടെ വിവരണത്തിൽ എന്നപോലെ ഭാവിയിൽ അല്ല, ഇപ്പോൾ തന്നെയാണ് (1 കോറി 15:57).

**17:1–26:** തന്റെ ശിഷ്യരിൽനിന്നും (അധ്യായം 13–16) പിതാവിലേക്ക് ശ്രദ്ധ തിരിക്കുന്ന (അധ്യായം 17) പ്രാർത്ഥന. പ്രധാന പുരോഹിതനായ യേശുവിന്റെ ഈ പ്രാർത്ഥനയ്ക്ക് 3 ഭാഗങ്ങളുണ്ട്. യേശു തനിക്കായും (17:1–5) തന്റെ ശിഷ്യരുടെ സംരക്ഷണത്തിനായും (17:6–19) തന്നിൽ വിശ്വസിക്കുന്നവർക്കായും (17:2026) പ്രാർത്ഥിക്കുന്നു.

**17:3 – യേശുക്രിസ്തുവിനെ:** യേശു മറ്റൊരിടത്തും ക്രിസ്തുവെന്ന് സ്വയം സാക്ഷ്യപ്പെടുത്തുന്നില്ല. **അറിയുക:** അറിയുക എന്നത് ദൈവവുമായി സ്നേഹബന്ധം സ്ഥാപിക്കുകയാണ്. പിതാവ് അയച്ച പുത്രനിൽ വിശ്വസിക്കുന്നതുവഴിയാണ് പിതാവിനെ അറിയുന്നത്.

**17:8 – വചനം അവർക്ക് നൽകി:** ദൈവവചനം സ്വീകരിക്കുകയാണ് ശിഷ്യത്വത്തിന്റെ അടിസ്ഥാനം. സഭയിലെ ഏറ്റവും പ്രധാന ശുശ്രൂഷ വചന ശുശ്രൂഷയാണ്.

**17:15 – ദുഷ്ടനിൽനിന്ന്:** ദുഷ്ടൻ ഈ ലോകത്തിന്റെ അധികാരിയും ദൈവത്തോട് എതിരുനിൽക്കുന്ന ശക്തികളുടെ വ്യക്തി രൂപവും ആണ്. ഇതിനെതിരെയാണ് യേശു പിതാവിനോട് സംരക്ഷണം ആവശ്യപ്പെടുന്നത്. തിന്മയിൽനിന്ന് ഞങ്ങളെ രക്ഷിക്കണമേ എന്ന കർതൃപ്രാർത്ഥനയോട് സാദൃശ്യമുണ്ട് ഈ വാകൃങ്ങൾക്ക്. ഖുമ്റാൻ സമൂഹത്തെ പോലെ ലോകത്തിൽനിന്ന് ഓടിയൊളിക്കുന്നവരല്ല, ലോകത്തിൽതന്നെ ആയിരുന്നുകൊണ്ട് യേശുവിനോട് ചേർന്ന് നിൽക്കുന്നവരാണ്.

**17:26 –** യേശുവിന്റെ പ്രവർത്തനത്തിന്റെ സംഗ്രഹമാണിത്. യേശുവിന്റെ മരണത്തോടെ അവിടുത്തെ ദൗത്യം അവസാനിക്കുന്നില്ലെന്ന് വ്യക്തമാക്കുന്ന ഈ വാക്യം സ്നേഹത്തിന്റെ നിർണായക സ്ഥാനവും ആവർത്തിക്കുന്നു.

തുടരും ...

**Rev Fr Joseph Mattam**
Director
Apostolate of Bible & Catechesis

# കമ്മീഷൻ ഫോർ ലിറ്റർജി

വിശുദ്ധ കുർബാന ഏറ്റവും വലിയ ആരാധനയാണ്. ഇത് ക്രിസ്തീയ ജീവിതത്തിന്റെ ഉറവിടവും ഉച്ചകോടിയുമാണ് എന്ന് രണ്ടാം വത്തിക്കാൻ കൗൺസിലും കത്തോലിക്കാ തിരുസഭയുടെ മതബോധന ഗ്രന്ഥവും നമ്മെ ഓർമിപ്പിക്കുന്നു. സീറോ മലബാർ സഭയുടെ കുർബാന നമ്മുടെ പിതാവായ മാർത്തോമാ ശ്ലീഹായുടെ വിശ്വാസ പൈതൃകത്തിലും പൗരസ്ത്യ സുറിയാനി പാരമ്പര്യത്തിലും ഉള്ളതാണ്.

നിലവിൽ ഉണ്ടായിരുന്ന നമ്മുടെ കുർബാന ക്രമത്തിൽ ജൂൺ 1599 ൽ നടന്ന ഉദയംപേരൂർ സൂനഹദോസ് സാരമായ മാറ്റങ്ങൾ

വരുത്തുകയുണ്ടായി. അതിനുശേഷം കാലാകാലങ്ങളിൽ തക്സയിൽ വേണ്ട മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. 1968 ൽ ഏതാനും ഭേദഗതികളോടുകൂടെ നവീകരിച്ച തക്സ പരീക്ഷണാർത്ഥം ഉപയോഗിക്കാൻ പൗരസ്ത്യ തിരുസംഘത്തിൽനിന്നും അനുവാദം ലഭിച്ചു. 1980 ൽ നമ്മുടെ തക്സയിൽ ആവശ്യമുള്ള ഭേദഗതികൾ വരുത്തി കുർബാനക്രമം പ്രസിദ്ധീകരിക്കാൻ പൗരസ്ത്യ തിരുസംഘം ആവശ്യപ്പെട്ടു. അങ്ങനെ 1985 ഡിസംബർ 19 ാം തിയതി പുതിയ തക്സയ്ക്ക് അംഗീകാരം ലഭിച്ചു. 1986 ഫെബ്രുവരി 8 ാം തീയതി ജോൺപോൾ രണ്ടാമൻ മാർപാപ്പ ഭരണങ്ങാനത്ത് വച്ച് ഔദ്യോഗികമായി റാസകുർബാന അർപ്പിച്ചു ഉദ്ഘാടനംചെയ്തു. ആഘോഷപൂർവ്വമായ ക്രമത്തിനും സാധാരണ ക്രമത്തിനും 1989 ഏപ്രിൽ 3 ാം തീയതി പൗരസ്ത്യ തിരുസംഘത്തിന്റെ അംഗീകാരം ലഭിച്ചു.

1999 ലെ സീറോ മലബാർ സിനഡ് വിശുദ്ധ കുർബാന ഏകീകൃത രൂപത്തിൽ അർപ്പിക്കാനുള്ള തീരുമാനം എടുത്തു. ഈ തീരുമാനത്തിന് 1999 ഡിസംബർ 17 ാം തീയതി ചില നിർദ്ദേശ ങ്ങളോടുകൂടി പൗരസ്ത്യ തിരുസംഘത്തിന്റെ അംഗീകാരം ലഭിക്കുകയും ചെയ്തു. 2013 ഓഗസ്റ്റ് മാസത്തിലെ സിനഡ് വിശുദ്ധ കുർബാനയുടെ നവീകരണവുമായി മുന്നോട്ടു പോകാൻ ലിറ്റർജി കമ്മീഷനോട് നിർദ്ദേശിച്ചു. 2014 ജനവരിയിലെ സിനഡ് എല്ലാ മെത്രാന്മാരോടും നവീകരണം സംബന്ധിച്ച നിർദ്ദേശങ്ങൾ ലിറ്റർജി കമ്മീഷനെ അറിയിക്കാൻ ആവശ്യപ്പെട്ടു. ലഭിച്ച നിർദ്ദേശങ്ങൾ എല്ലാം ലിറ്റർജി കമ്മീഷൻ ക്രോഡീകരിച്ച് 2015 ഓഗസ്റ്റിലെ സിനഡിൽ അവതരിപ്പിച്ചു. 2017 ജനവരിയിൽ നടന്ന സിനഡ് ആവശ്യപ്പെട്ട തനുസരിച്ച് സെൻട്രൽ ലിറ്റർജിക്കൽ കമ്മിറ്റി വീണ്ടും ചർച്ചചെയ്ത് അഭിപ്രായങ്ങൾ സമാഹരിച്ചു. ഇതിന്റെയെല്ലാം വെളിച്ചത്തിൽ ഒരു ഡ്രാഫ്റ്റ് 2017 ഓഗസ്റ്റിലെ സിനഡിൽ അവതരിപ്പിച്ചു. സിനഡിൽനിന്നും ലഭിച്ച നിർദേശങ്ങളുടെ വെളിച്ചത്തിൽ മെത്രാന്മാരുടെ സ്പെഷ്യൽ കമ്മിറ്റി ഡ്രാഫ്റ്റിൽ വേണ്ട ഭേദഗതികൾ വരുത്തി 2019 ജനുവരിയിലെ സിന ഡിൽ അവതരിപ്പിച്ചു പഠനവിധേയമാക്കി. ആ സിനഡിൽനിന്നും ലഭിച്ച നിർദ്ദേശങ്ങൾകൂടി ഉൾപ്പെടുത്തി സ്പെഷൽ കമ്മിറ്റി ഡ്രാഫ്റ്റിൽ ആവശ്യമായ ഭേദഗതികൾ വരുത്തി 2020 ലെ സിനഡിൽ അവതരിപ്പിച്ചു. ചില ഭേദഗതികളോടെ സിനഡ് ഇത് അംഗീകരി ക്കുകയും പരിശുദ്ധ സിംഹാസനത്തിൽനിന്നുള്ള അംഗീകാരത്തിനായി കുർബാന തക്സ അയക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. 2020 ജൂലൈ 10 ാം തീയതി

കുർബാന തക്സ പരിശുദ്ധ സിംഹാസനത്തിന്റെ അംഗീകാരത്തിനായി മേജർ ആർച്ച്ബിഷപ്പ് മാർ ജോർജ് ആലഞ്ചേരി പിതാവ് അയച്ചുകൊടുത്തു. ഇതിന് മറുപടിയായി 9 ജൂൺ 2021ൽ കുർബാന തക്സ അംഗീകരിച്ചതായി പൗരസ്ത്യ സഭകൾക്കു വേണ്ടിയുള്ള കാര്യാലയം അറിയിച്ചു. 2021 ഡിസംബർ 8 മുതൽ ഈ കുർബാന ക്രമം സീറോമലബാർ സഭയിൽ പ്രാബല്യത്തിൽ വന്നു.

2022 ജനുവരി മാസത്തിൽ നടന്ന സിനഡിൽ മലയാളം തക്സയെ കന്നഡ ഭാഷയിലേക്ക് തർജ്ജിമ ചെയ്യണമെന്ന് കർനാടകയിൽനിന്നുള്ള പിതാക്കന്മാരോട് മേജർ ആർച്ച്ബിഷപ്പ് മാർ ജോർജ് ആലഞ്ചേരി പിതാവ് ആവശ്യപ്പെട്ടു. മാർ ലോറൻസ് മുക്കുഴി പിതാവിനെ അതിന്റെ ചുമതലകൾ ഏൽപ്പിച്ചു. മുക്കുഴി പിതാവ് മറ്റ് രണ്ട് പിതാക്കന്മാരായ മാർ ജോസഫ് അരുമചാടത്ത്, മാർ സെബാസ്റ്റ്യൻ എടയന്തറത്ത് ഇവരോട് ആലോചിച്ച് 09-02-2022 ന് ഒരു മീറ്റിംഗ് വിളിച്ചുകൂട്ടി. ബെൽത്തംഗഡിയിലെ ജ്ഞാനനിലയത്തിൽ വച്ചാണ് ഈ മീറ്റിങ്ങ് നടന്നത്. മാർ ലോറൻസ് മുക്കുഴി പിതാവ് ഉൾപ്പെടെ 11 പേര് ഈ മീറ്റിംഗിൽ പങ്കെടുത്തു. ജോസഫ് മറ്റത്തിൽ അച്ഛൻ, തോമസ് മംഗലത്തിൽ അച്ഛൻ, ബിജു അരഞ്ഞാണിയിൽ എം.എസ്.ടി. അച്ഛൻ, മാത്യു വെട്ടം തടത്തിൽ അച്ഛൻ, പ്രവീൺ കൊടവന അച്ഛൻ, സിസ്റ്റർ ദീപ എഫ്.സി.സി. വർഗീസ് കഴുതാടിയിൽ, ബേബി ജോസഫ് കള്ളികാട്ട്, ലില്ലി തോട്ടപ്പള്ളി എന്നിവർ ഈ മീറ്റിങ്ങിൽ പങ്കെടുത്തു. അഭിവന്ദ്യ ലോറൻസ് മുക്കുഴി പിതാവ് ആലഞ്ചേരി പിതാവിന്റെ കത്തു വായിച്ചു. ഈ കത്തിൽ മലയാളം കുർബാനയെ പ്രാദേശിക ഭാഷയായ കന്നഡയിലേക്ക് തർജ്ജിമ ചെയ്യണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നു. സാധ്യമെങ്കിൽ ഒരു വർഷത്തിനുള്ളിൽ ഈ കാര്യം ചെയ്തുതീർക്കണം എന്ന് പിതാവ് പറഞ്ഞു.

അതിനുശേഷം അഭിവന്ദ്യ പിതാവ് തന്റെ ആമുഖ പ്രഭാഷണത്തിൽ കർനാടകയിൽ ഇതുവരെ നടന്ന കുർബാന തർജ്ജിമയെകുറിച്ച് സംസാരിച്ചു. 1968 ലെ മലയാളം തക്സയേ കന്നഡയിലേക്ക് തർജ്ജിമ ചെയ്യാൻ മുൻകൈ എടുത്തത് ബഹുമാനപ്പെട്ട ജോസഫ് ചിറ്റൂർ അച്ഛനാണെന്ന് അറിയിച്ചു. 1986 ലെ നവീകരിച്ച കുർബാനയെ കന്നഡയിലേക്ക് തർജ്ജിമ ചെയ്യാൻ മുൻകൈ എടുത്തത് അഭിവന്ദ്യ ലോറൻസ് മുക്കുഴി പിതാവ് തന്നെയാണ്. 1999ൽ ബെൽത്തംഗഡി രൂപത സ്ഥാപിതമായതിനുശേഷം ഈ കുർബാനയിൽ ആവശ്യമുള്ള തിരുത്തലുകൾ വരുത്തി നവീകരിക്കുവാൻ തീരുമാനിച്ചു.

അഭിവന്ദ്യ ലോറൻസ് പിതാവിന്റെ നേതൃത്വത്തിൽ ബഹുമാനപ്പെട്ട ജോസഫ് വലിയപറമ്പിൽ അച്ചൻ, തോമസ് കളത്തുകുളങ്ങര, ജോസ് തെരുവംമൂല, ജോസ് ചെറുവള്ളിക്കാട്ട് എന്നിവർ തർജ്ജിമ ചെയ്തു. തോമസ് ആയാംകുടി സി.എം.ഐ. അച്ചന്റെ നേതൃത്വത്തിൽ ബെന്നി മുടവനാട്ടച്ചനും മൈസൂർ രൂപതയിൽനിന്നുള്ള ജൊഹാനസ് അച്ചനും കൂടി കുർബാനയുടെ പാട്ടുകൾ രചിച്ച് ഈണം നൽകി എന്ന് മുക്കുഴി പിതാവ് അറിയിച്ചു.

09-02-2022ലെ മീറ്റിങ്ങിനു വന്നിരുന്ന എല്ലാവരും കൂടി തീരുമാനിച്ചതനുസരിച്ച് ജോസഫ് മറ്റത്തിൽ അച്ചനെ കൺവീനർ ആക്കി ഒരു കമ്മിറ്റി രൂപീകരിച്ച് തർജ്ജിമ ചെയ്യാൻ ഏൽപ്പിച്ചു. കമ്മിറ്റിയുടെ തീരുമാനമനുസരിച്ച് മൂന്നു രൂപതകളും മലയാളം കുർബാന പുസ്തകത്തിലെ വിഷയങ്ങൾ മൂന്നായി വീതിച്ചെടുത്ത് വിവർത്തനം ചെയ്യാമെന്ന് തീരുമാനിച്ചു. ആദ്യ 170 പേജുകൾ (ആദ്യത്തെ കുർബാനയുടെ ഭാഗവും കൂദാശ ക്രമങ്ങളും) ബെൽത്തംഗഡി രൂപതയും, 171 മുതൽ 348 വരെയുള്ള പേജുകൾ (പ്രോപ്രിയയും തിരുനാളുകൾക്ക് അനുസരിച്ചുള്ള പ്രാർത്ഥനയിൽ മാതാവിന്റെ തിരുനാൾ വരെ) മണ്ഡ്യ രൂപതയും, 348 മുതൽ 519 വരെയുള്ള പേജുകൾ (വിശുദ്ധ യൗസേപ്പിന്റെ തിരുനാൾ മുതൽ രണ്ട് അനുബന്ധങ്ങൾ വരെ) ഭദ്രാവതി രൂപതയും തർജ്ജിമ ചെയ്യാമെന്ന് തീരുമാനിച്ചു. തർജ്ജിമ ജൂൺ മാസത്തിൽ പൂർത്തിയാക്കി ജൂൺ 22 ന് വീണ്ടും ഒരുമിച്ചു കൂടാം എന്ന് തീരുമാനിച്ചു.

2023 ജൂൺ മാസം 22 മുതൽ 25 വരെയുള്ള തീയതികളിൽ ഒരുമിച്ചുകൂടിയപ്പോൾ ആന്റണി തോട്ടപ്പള്ളി സാറും ഈ ടീമിലേക്ക് അംഗമായി ചേർന്നു. തർജ്ജിമ ചെയ്തു കൊണ്ടുവന്നിരിക്കുന്ന കന്നഡ ടെക്സ്റ്റ് വായിച്ച് വേണ്ട തിരുത്തലുകൾ നൽകി. ഈ തിരുത്തൽ പ്രക്രിയ ഫെബ്രുവരി 2024 വരെ നീണ്ടുനിന്നു. ഇതിന് സഹായിക്കുവാൻ ഭദ്രാവതിയിൽനിന്നും സിസ്റ്റർ ഫാത്തിമ മെണ്ടോൻസ് എസ്.എ.ബി.എസ്., സിസ്റ്റർ ട്രീസ തൈയ്യിൽ എസ്.എച്ച്. വന്നിരുന്നു. ഫെബ്രുവരി 2024 സമ്മേളനത്തിനുശേഷം പ്രിൻറ് ചെയ്യാൻ പ്രസാദ് പ്രിന്റേർസ്, മംഗളൂറു ഇവർക്ക് കൊടുത്തു.

ഈ കുർബാന പുസ്തകത്തിന്റെ ടൈപ്പിങ്ങും, ഡിടിപി സെറ്റിങ്ങും ചെയ്തത് വർഗീസ് കഴുതാടിയിൽ സാറാണ്.

ബഹുമാനപ്പെട്ട ബിജു അരഞ്ഞാണി എം.എസ്. ടി. അച്ചന്റെ നേതൃത്വത്തിൽ ജോസഫ് മറ്റത്തിലച്ചനും, വർഗീസ് കഴുതാടിയിൽ

സാറും, ബേബി ജോസഫ് കള്ളികാട്ടു സാറും, ആന്റണി തോട്ടപ്പള്ളി സാറും പാട്ടുകൾ വിവർത്തനം ചെയ്തു. ടോമി മംഗലത്തിൽ അച്ചനും ഇതിന് സഹായിച്ചു. തൂയെ ട്യൂണിലും മറ്റ് വിവിധതരം ട്യൂണുകളിലും പാടാൻ സാധിക്കുന്ന രീതിയിലാണ് പാട്ടുകൾ കമ്പോസ് ചെയ്തിരിക്കുന്നത്. ബഹുമാനപ്പെട്ട തോമസ് പനച്ചിക്കൽ അച്ചനും ജോസഫ് കുര്യാളശ്ശേരി അച്ചനും പാട്ടുകൾ കേട്ട് അഭിപ്രായവും നിർദ്ദേശങ്ങളും അറിയിച്ചു.

പ്രിന്റ് ചെയ്ത പുസ്തകം അഭിവന്ദ്യ ലോറൻസ് മുക്കുഴി പിതാവും ജെസി പുതുമന ടീച്ചറും വർഗീസ് കരുതാടിയിൽ സാറും ജോസഫ് നെല്ലംകുഴി സാറും പൂർണമായി വായിച്ച് വേണ്ട തിരുത്തലുകൾ നടത്തി. അതിനുശേഷം പുസ്തക പ്രസിദ്ധീകരണത്തിനുള്ള അനുവാദത്തിനുവേണ്ടി സീറോ മലബാർ ലിറ്റർജ്ജി കമ്മീഷൻ ചെയർമാൻ മാർ പോളി കണ്ണൂക്കാഡൻ പിതാവിനും മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവിനും കത്തുകൾ എഴുതി അനുവാദം ചോദിച്ചു. മാർ റാഫേൽ തട്ടിൽ പിതാവ് 9 നവംബർ 2024 ന് അനുവാദം നൽകി. കന്നഡ തക്സ ഓഗസ്റ്റ് 2025 ൽ അച്ചടിച്ചു. ഓഗസ്റ്റ് 15 ാം തീയതി മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാൾ ദിവസം സഭയുടെ തലവനും പിതാവുമായ റാഫേൽ തട്ടിൽ പിതാവ് തക്സ അംഗീകരിച്ചു. സെപ്റ്റംബർ 8, 2025 മുതൽ ഇത് പ്രാബല്യത്തിൽ വരുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഡിക്രി പുറപ്പെടുവിച്ചു.

കുർബാനയുടെ 36 പാട്ടുകൾ ട്യൂൺ ചെയ്ത് മ്യൂസിക് കമ്പോസ് ചെയ്തത് ബ. ബിജു അരഞ്ഞാണിയിൽ എം.എസ്.ടി. അച്ചനാണ്.

| | | |
|---|---|---|
| Music Composing | - | Fr Biju Aranjaniyil MST |
| Orchestration | - | Pradeep Tom (M.2 Studios, Cochin) |
| Sound Engineer | - | Amal |
| Studio | - | Audiogene Studio Ernakulam |
| Chorus Humming | - | Siji & Rincy |
| Group Violin | - | Jossukutty, Carol & Jain |
| Solo Violin | - | Carol |
| Flute | - | Abhijith |
| Veena | - | Biju |
| Tabala | - | Vinod |
| Guitar | - | Gestine |
| Voice Recording | - | S P Studio Jalahally, Bangalore |

| | | |
|---|---|---|
| Sound Engineer | - | Satheesh |
| Main Voice | - | Srinivasa Murthy |
| Chorus | - | Srinivasa Murthy, Uday Ankola, Rajani BC, P. A. Jayanthi |
| Mixing and Mastering | - | Pradeep Tom (M.2 Studios, Cochin) |

ഈ പ്രോജക്ട് ആരംഭിച്ചപ്പോൾമുതൽ വലിയ ദൈവപരിപാലനയാണ് ടീം അംഗങ്ങൾ അനുഭവിച്ചത്. വളരെ സന്തോഷത്തോടും നന്ദി നിറഞ്ഞ മനസ്സോടും കൂടെയാണ് ടീം അംഗങ്ങൾ ഓരോരുത്തരും ദൈവ സന്നിധിയിൽ ആയിരിക്കുന്നത്. കർണാടകയിൽ സീറോ മലബാർ കുർബാന (ദിവ്യ ബലിപൂജെ) അനേകായിരങ്ങൾ അർപ്പിച്ച് പ്രാർത്ഥിച്ച് ദൈവാനുഗ്രഹം പ്രാപിക്കുമ്പോൾ ഈ നാട് അനുഗ്രഹിക്കപ്പെടും എന്ന് ഞങ്ങൾ വിശ്വസിക്കുന്നു. അഭിവന്ദ്യ ലോറൻസ് മുക്കുഴി പിതാവിന്റെ വലിയ നേതൃത്വം ഇത് ചെയ്തുതീർക്കാൻ ഞങ്ങളെ സഹായിച്ചു. അഭിവന്ദ്യ ജോസഫ് അരുമചാടത്ത് പിതാവിന്റെയും അഭിവന്ദ്യ സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവിന്റെയും പ്രോത്സാഹനം ഞങ്ങൾക്ക് എന്നും പ്രചോദനമായിരുന്നു. ടീം അംഗങ്ങൾക്ക് പ്രത്യേകം നന്ദി പറയുമ്പോൾ വളരെ പ്രത്യേകമായി ജോസഫ് മറ്റത്തിലച്ചനെയും ബിജു അരഞ്ഞാണി അച്ചനെയും ടോമി മംഗലത്ത് അച്ചനെയും വർഗീസ് കരുതാടിയിൽ സാറിനെയും ബേബി ജോസഫ് കള്ളികാട്ട് സാറിനെയും ആന്റണി തോട്ടപ്പള്ളി സാറിനെയും പ്രത്യേകമായി നന്ദിയോടെ ഓർക്കുന്നു. അവരുടെ അവിശ്രാന്ത പരിശ്രമത്തിന്റെ ഫലമാണ് കന്നഡ ദിവ്യബലി പൂജെ പുസ്തകം. ഈ പുസ്തകം ഉപയോഗിച്ച് കർണാടകയിലെ സീറോ മലബാർ തനയരെല്ലാവരും വിശുദ്ധ ബലി അർപ്പിച്ചു ദൈവാനുഗ്രഹം പ്രാപിക്കുവാൻ ഇടയാകട്ടെ എന്ന് ആശംസിക്കുന്നു.

**ബ. ജോസഫ് മറ്റത്തിൽ**
കൺവീനർ
ട്രാൻസ്‌ലേഷൻ കമ്മിറ്റി

# ಸಮಾಜ ಸೇವಾ ವಿಭಾಗ

**ನವಜೀವನ ಹೆಚ್.ಐ.ವಿ/ಏಡ್ಸ್ ಆರೈಕೆ ಮತ್ತು ಬೆಂಬಲ ಕಾರ್ಯಕ್ರಮ:**

ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್ (ರಿ) ಬೆಳ್ತಂಗಡಿ ಸಂಸ್ಥೆಯು ಹೆಚ್.ಐ.ವಿ ಸೋಂಕಿತ ಮತ್ತು ಬಾಧಿತರಿಗೋಸ್ಕರ ಆರೈಕೆ ಮತ್ತು ಬೆಂಬಲ ನೀಡುವ ಕಾರ್ಯಕ್ರಮವನ್ನು ನಡೆಸುತ್ತಿದೆ.

ದಿನಾಂಕ 15.08.2025 ರಂದು ನವಜೀವನ ಆರೈಕೆ ಹಾಗೂ ಬೆಂಬಲ ಕೇಂದ್ರದ ಮಾಸಿಕ ಬೆಂಬಲ ಸಭೆ ಹಾಗೂ 79 ನೇ ಸ್ವಾತಂತ್ರ್ಯ ದಿನಾಚರಣೆ ಬೆಳ್ತಂಗಡಿ ಸಾಂತೋಮ್ ಟವರ್‌ನಲ್ಲಿ ನಡೆಯಿತು. ಮುಖ್ಯ ಅತಿಥಿಯಾಗಿ ಬೆಳ್ತಂಗಡಿ ಧರ್ಮಪ್ರಾಂತ್ಯದ ಎಸ್.ಎಮ್.ವೈ.ಎಮ್ ಸಂಘಟನೆಯ ನಿರ್ದೇಶಕರಾದ ವಂ.ಫಾ. ಜೋಸೆಫ್ ಚೇರನ್ ಹಾಗೂ ಎಸ್.ಎಮ್.ವೈ.ಎಮ್ ಸಂಘಟನೆಯ ಅಧ್ಯಕ್ಷರಾದ ಸಿರಿನ್ ತೋಮಸ್, ಇನ್ನೋರ್ವ ಮುಖ್ಯ ಅಥಿತಿಯಾಗಿ ಸೈಂಟ್ ಜಾರ್ಜ್ ಚರ್ಚಿನ ಧರ್ಮಗುರುಗಳಾದ ವಂ. ಫಾ.ಮಾಥ್ಯೂ ಅಂಬಾಟ್ ಹಾಗೂ ಸ್ನೇಹಜ್ಯೋತಿ ಮಹಿಳಾ ತಾಲೂಕು ಒಕ್ಕೂಟ (ರಿ) ಬೆಳ್ತಂಗಡಿ ಇದರ ಅಧ್ಯಕ್ಷರಾದ ಶ್ರೀಮತಿ ಮಂಜುಳಾ ಜೋನ್ ರವರು ಆಗಮಿಸಿ ಕಾರ್ಯಕ್ರಮಕ್ಕೆ ಶುಭ ಹಾರೈಸಿದರು. ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್ ಸಂಸ್ಥೆಯ ನಿರ್ದೇಶಕರಾದ ವಂ. ಫಾ. ಬಿನೋಯಿ ಎ.ಜೆ.ರವರು ಪ್ರಾಸ್ತಾವಿಕವಾಗಿ ಮಾತನಾಡಿದರು. ಅರ್ಥಿಗಳಿಗೆ ಪೌಷ್ಟಿಕ ಆಹಾರದ ಕಿಟ್ ವಿತರಿಸಲಾಯಿತು. ಈ ತಿಂಗಳಿನಲ್ಲಿ ಒಟ್ಟು ರೂ. 3,500/– ಈ ಯೋಜನೆಗೆ ಸಂಗ್ರಹವಾಗಿದೆ.

**ಸಮೃದ್ಧಿ ಯೋಜನೆ:**

ಕ್ರಾಸ್ ಸಂಸ್ಥೆ ಬೆಂಗಳೂರು ನೇತೃತ್ವದಲ್ಲಿ ಈ ಯೋಜನೆಯನ್ನು ಅನುಷ್ಠಾನಗೊಳಿಸಲಾಗುತ್ತಿದ್ದು ಸ್ವ–ಸಹಾಯ ಸಂಘದ ಮಹಿಳೆಯರಿಗೆ ಆದಾಯೋತ್ಪನ್ನ ಚಟುವಟಿಕೆಗಳನ್ನು ಆರಂಭಿಸಲು ಈ ಯೋಜನೆಯ ಮೂಲಕ ಸಾಲವನ್ನು ನೀಡಲಾಗುತ್ತದೆ.

ದಿನಾಂಕ 08.08.2025 ರಂದು ಕುಟ್ರುಪಾಡಿ ಜೀವಜ್ಯೋತಿ ಮಹಾಸಂಘದ ಸದಸ್ಯರಿಗೆ, ದಿನಾಂಕ 12.08.2025 ರಂದು ಕಳೆಂಜ ಸರ್ವಶ್ರೀ ಮಹಾಸಂಘದ ಸದಸ್ಯರಿಗೆ ಆದಾಯ ಉತ್ಪನ್ನ ಚಟುವಟಿಕೆಯ ಬಗ್ಗೆ ತರಬೇತಿ ನೀಡಲಾಯಿತು.

ದಿನಾಂಕ 15.08.2025 ರಂದು ನೆಟ್ಟಣ ಸಮೃದ್ಧಿ ಸ್ವ–ಸಹಾಯ ಸಂಘದ 7 ಮಂದಿ ಸದಸ್ಯರಿಗೆ 2,45,000 ಕಿರು ಉದ್ದಿಮೆ ಸಾಲ ನೀಡಲಾಯಿತು. ಸಾಲ ಪಡೆದುಕೊಂಡ ಸದಸ್ಯರು ಅದನ್ನು ಕ್ರಮಬದ್ಧವಾಗಿ ಮರುಪಾವತಿ ಮಾಡುತ್ತಿದ್ದಾರೆ. ಪ್ರಸ್ತುತ ರೂ. 11,88,544/– ಹೊರಬಾಕಿ ಸಾಲ ಇದೆ.

**ಮಹಿಳಾ ಸಬಲೀಕರಣ ಯೋಜನೆ:**

ಮಿಸೆರಿಯೋರ್ ಪ್ರಾಯೋಜಿತ ಮಹಿಳಾ ಸಶಕ್ತತಾ ಕಾರ್ಯಕ್ರಮವು ಕ್ರಾಸ್ ಸಂಸ್ಥೆಯ ನೇತೃತ್ವದಲ್ಲಿ ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್ ಸಂಸ್ಥೆಯ ಮೂಲಕ ಬೆಳ್ತಂಗಡಿ ಮತ್ತು ಕಡಬ ತಾಲೂಕುಗಳ ಆಯ್ದ 30 ಗ್ರಾಮಗಳಲ್ಲಿ ವ್ಯಾಪಿಸಿದೆ. ಒಟ್ಟು 109 ಮಹಿಳಾ ಸ್ವ–ಸಹಾಯ ಸಂಘಗಳು, 8 ಮಹಾಸಂಘಗಳು ಮತ್ತು 2 ನೋಂದಾಯಿತ ಒಕ್ಕೂಟಗಳು ಹಾಗೂ 1 ಜಿಲ್ಲಾ

ಒಕ್ಕೂಟ ಇವೆ. ಒಟ್ಟು 1,156 ಮಂದಿ ಸದಸ್ಯರು ಸ್ವ–ಸಹಾಯ ಸಂಘಗಳ ಸದಸ್ಯತ್ವ ಪಡೆದಿದ್ದಾರೆ.

ದಿನಾಂಕ 12.08.2025 ರಂದು ಕಳಂಜ ಸರ್ವಶ್ರೀ ಮಹಾಸಂಘದ ಸದಸ್ಯರಿಗೆ ಲಿಂಗ ಸಮಾನತೆಯ ಬಗ್ಗೆ ಸಂಯೋಜಕಿ ಶ್ರೀ ಮತಿ ಸಿಸಿಲ್ಯಾ ತಾವ್ರೊ ತರಬೇತಿ ನೀಡಿದರು. ಒಟ್ಟು 30 ಸದಸ್ಯರು ಭಾಗವಹಿಸಿದ್ದರು.

ದಿನಾಂಕ 07.08.2025 ರಂದು ಬಂಗಾಡಿ ಸಂಘದ ಸದಸ್ಯರಿಗೆ ಪಂಚಾಯತ್‌ರಾಜ್ ಬಗ್ಗೆ  ಕಾರ್ಯಕರ್ತರಾದ ಮಾರ್ಕ್ ಡಿಸೋಜಾ ತರಬೇತಿ ನೀಡಿದರು. ಒಟ್ಟು 35 ಸದಸ್ಯರು ಭಾಗವಹಿಸಿದ್ದರು.

ದಿನಾಂಕ 16.08.2025 ರಂದು ಕೊಕ್ಕಡ ಧನಲಕ್ಷ್ಮಿ ಹಾಗೂ ಉಜ್ವಲ ಸಂಘದ ಸದಸ್ಯರಿಗೆ ಲಿಂಗ ಸಮಾನತೆಯ ಬಗ್ಗೆ  ಶ್ರೀಮತಿ ತೇಜಾವತಿ  ತರಬೇತಿ ನೀಡಿದರು.

ದಿನಾಂಕ 20.08.2025 ರಂದು ನೆಲ್ಯಾಡಿ ಮತ್ತು ಶಿರಾಡಿ ಮಹಾಸಂಘದ ಸದಸ್ಯರಿಗೆ ಸ್ಥಳೀಯ ಸಂಪನ್ಮೂಲಗಳ ಕ್ರೋಢಿಕರಣದ ಬಗ್ಗೆ ಶ್ರೀಮತಿ ತೇಜಾವತಿ ತರಬೇತಿ ನೀಡಿದರು.

ದಿನಾಂಕ 21.08.2025 ರಂದು ಶಿರಾಡಿ ವಲಯದ 3 ಸಂಘಗಳಿಗೆ ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್ ನ ಸಿಬಂದಿ ವರ್ಗದವರು ಮೇಲ್ವಿಚಾರಣಾ ಭೇಟಿ ನೀಡಿ ಸಂಘಗಳನ್ನು ಇನ್ನೂ ಉತ್ತಮವಾಗಿ ಕಾರ್ಯನಿರ್ವಹಿಸಲು ಸಲಹೆ ಸೂಚನೆಗಳನ್ನು ನೀಡಲಾಯಿತು.

ದಿನಾಂಕ 06.08.2025 ರಂದು ಶಿರ್ಲಾಲು ಅನುದೀಪ ಸಂಘದ ಸದಸ್ಯರಿಂದ ಶಿರ್ಲಾಲು ಶಾಲೆಯಿಂದ ಮಣ್ಯದವರೆಗೆ ರಸ್ತೆ ದುರಸ್ತಿ ಹಾಗೂ ಡಾಮರೀಕರಣದ ಕುರಿತು ಅರ್ಜಿಯನ್ನು ಶಿರ್ಲಾಲು ಗ್ರಾಮ ಪಂಚಾಯತ್‌ಗೆ ಸಲ್ಲಿಸಲಾಯಿತು.

**ಸ್ಪರ್ಶ ಕಾರ್ಯಕ್ರಮ:**

ದಿನಾಂಕ 23.7.2025 ರಂದು ನೆಟ್ಟಣದಲ್ಲಿ ಕ್ಯಾನ್ಸರ್ ರೋಗದ ಬಗ್ಗೆ ಕಾರ್ಯಕರ್ತೆ ಶ್ರೀಮತಿ ಸುಶೀಲ ಕೆ.ಜಿ.ರವರು ಮಾಹಿತಿ ನೀಡಿದರು. ಒಟ್ಟು 38 ಮಂದಿ ಉಪಸ್ಥಿತರಿದ್ದರು.

ದಿನಾಂಕ 27.7.2025 ರಂದು ಜಡ್ಕಲ್‌ನಲ್ಲಿ ಆರೋಗ್ಯಕರ ಆಹಾರ ಕ್ರಮದ ಬಗ್ಗೆ ಕಾರ್ಯಕರ್ತೆ ಶ್ರೀಮತಿ ಪುಷ್ಪಲತಾರವರು ಮಾಹಿತಿ ನೀಡಿದರು. ಒಟ್ಟು 10 ಮಂದಿ ಸದಸ್ಯರು ಉಪಸ್ಥಿತರಿದ್ದರು.

ದಿನಾಂಕ 3.8.2025 ರಂದು ಜಡ್ಕಲ್‌ನಲ್ಲಿ ಆರೋಗ್ಯಕರ ಜೀವನಶೈಲಿಯ ಬಗ್ಗೆ ಕಾರ್ಯಕರ್ತೆ ಶ್ರೀಮತಿ ಪುಷ್ಪಲತಾರವರು ಮಾಹಿತಿ ನೀಡಿದರು. ಒಟ್ಟು 10  ಮಂದಿ ಸದಸ್ಯರು ಉಪಸ್ಥಿತರಿದ್ದರು.

ದಿನಾಂಕ 3.8.2025 ರಂದು ಕಲ್ಮಕ್ಕಿಯಲ್ಲಿ ಕ್ಯಾನ್ಸರ್ ಹಾಗೂ ಆರೋಗ್ಯಕರ ಜೀವನಶೈಲಿಯ ಬಗ್ಗೆ ಕಾರ್ಯಕರ್ತೆ ಶ್ರೀಮತಿ ಸರೋಜರವರು ಮಾಹಿತಿ ನೀಡಿದರು. ಒಟ್ಟು 8 ಮಂದಿ ಸದಸ್ಯರು ಉಪಸ್ಥಿತರಿದ್ದರು.

ದಿನಾಂಕ 16.8.2025 ರಂದು ಜಡ್ಕಲ್‌ನಲ್ಲಿ ಆರೋಗ್ಯಕರ ಕ್ಯಾನ್ಸರ್ ಬಗ್ಗೆ ಕಾರ್ಯಕರ್ತೆ ಶ್ರೀಮತಿ ಪುಷ್ಪಲತಾರವರು ಮಾಹಿತಿ ನೀಡಿದರು. ಒಟ್ಟು 9 ಮಂದಿ ಸದಸ್ಯರು ಉಪಸ್ಥಿತರಿದ್ದರು.

**ವಿದ್ಯಾನಿಧಿ ಯೋಜನೆ:**

ಬೆಳ್ತಂಗಡಿ ಧರ್ಮಪ್ರಾಂತ್ಯದ ರಜತ ಮಹೋತ್ಸವದ ಸವಿನೆನಪಿಗಾಗಿ, ವೃತ್ತಿಪರ ಶಿಕ್ಷಣವನ್ನು ಬಯಸುವ ಬಡ ವಿದ್ಯಾರ್ಥಿಗಳಿಗೆ ಆರ್ಥಿಕ ಬೆಂಬಲ ಒದಗಿಸುವುದಕ್ಕಾಗಿ ವಿದ್ಯಾನಿಧಿ ಎಂಬ ಯೋಜನೆಯನ್ನು ಪ್ರಾರಂಭಿಸಲಾಗಿದ್ದು, ಇದುವರೆಗೆ ಒಟ್ಟು 265 ಮಂದಿ ಆರ್ಥಿಕ ಸಹಾಯವನ್ನು ನೀಡಿದ್ದಾರೆ. ಈ ತಿಂಗಳಲ್ಲಿ ಒಟ್ಟು ರೂ. 48,050/– ಧನ ಸಹಾಯ ಲಭಿಸಿರುತ್ತದೆ. ಇದುವರೆಗೆ ಈ ಯೋಜನೆಗೆ ರೂ. 6,47,520/– ಸಂಗ್ರಹವಾಗಿದೆ.

**Fr. Varkey Malikayil**

Director, Social Service Department

## **Belthangady Diocesan Charismatic Renewal Service**
## Team (DSC) for the year 2025-2028

1. Mr. Sebastian Pokkamthadi (Mundaje) : Co-ordinator
2. Mrs. Beena Chirayil (Thotathady) : Secretary
3. Mr. Baby Chittilapally (Kankanady) : Member
4. Mr. Johnson Muttamthottiyil (Jadkal) : Member
5. Mr. Francis Morthangal (Thotathady) : Member
6. Mrs. Shiny Karuthaparackal (Kankanady): Member
7. Mrs. Molly Kappilumakal (Arla) : Member
8. Mr. Jose Pauline Puthumana (Arla) : Outgoing Coordinator



Fr. Mathew Ambattu
Spiritual Director
DSC, Belthangady

# Congratulations

**Most. Rev. Dr. Francis Serrao**
**Newly Appointed Bishop of Mysore**



# Belthangady : Blessing: Vianney Sadana
# 4th August 2025







# Belthangady : Blessing: Vianney Sadana
## 4th August 2025








# Belthangady: Vianney Sadana Blessing
## 4th August 2025







# Belthangady: Vianney Sadana Blessing
## 4th August 2025







# Belthangady: Vianney Sadana Blessing
# 4th August 2025







# Belthangady: Vianney sadana Blessing
## 4th August 2025







## Belthangady : Junior Priests' Gathering 13,14 August 2025



## Belthangady : Release of the 11th Standard Catechetical Kannada Textbook 10th August 2025



## Dharmasthala : Dharmasthala & Thotathady Foranes Catechetical Seminar (3rd August 2025)



## Nellyady : Kutrupady & Udane Foranes Catechetical Seminar (10th August 2025)



## Kodagu : Siddapura ForaneCatechetical Seminar (17th August 2025)



## Bajagoli : Bajagoli Regional Catechetical Seminar (24 th August 2025)



## *KRCBCLaity Commission Secretaries' Meeting*
## Bangalore : 11.08.2025



# Congratulations

**Rev. Sr. Libia SABS (SABS Province, Thalassery)**



**Doctorate in Computer Science & Engineering from National Institute of Technology, Calicut (From St.Jude's Church, Devagiri) & At present serving as the Associate Professor in Computer Science in Mary Matha College, Mananthavady**


Blessing Ceremony of New
Homoeopathic Clinic
ST. MARY'S
HOMOEO CLINIC
Bendrala, Thotathady
Ph: 8296784405
9:30AM To 1:30PM
15 August 2025

# Condolences

## Late Rev. Fr. George Areekunnel

**Archdiocese of Tellicherry**



### Services in the Diocese of Belthangady

1. St.Thomas Forane Church, Udane(12.5.2001-13.5.2006)
   (Constructed the front Elevation of the Church)
2. Infant Jesus Church, Arasinamakki (12.5.2001-13.5.2006)
   (The construction of the newly built Church has been completed)
3. St. Antony's Forane Church, Thotathady(14.5.2006-14.5.2011)
   (Successfully built a beautiful Church for the Faithful)
4. St. Sebastian Church, Kanchal (14.5.2006-14.5.2011)

# അഭിവന്ദ്യ പിതാവിന്റെ ഡയറിയിൽനിന്ന്

## ഓഗസ്റ്റ് - 2025

02-03. ബെൽത്തംഗഡി ഡി. എസ്. റ്റി. യുടെ പുനർ തിരഞ്ഞെടുപ്പിൽ പങ്കെടുത്തു.

03. രാവിലെ 8.30 ന് രൂപതാ ദിനത്തിനോടനുബന്ധിച്ച് കത്തീഡ്രൽ ദേവാലയത്തിൽ വി. കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി. വൈകുന്നേരം രൂപതാ കേന്ദ്രത്തിൽ വച്ച് എസ്. എ. ബി. എസ്. കണ്ണൂർ പ്രോവിൻസ്, പ്രൊവിൻഷ്യാൽ ബഹു. സി. അനില മണ്ണൂരുമായി കൂടിക്കാഴ്ച്ച നടത്തി.

04. രൂപതയുടെ വിയാനി സദന്റെ (പുതിയ വൈദിക മന്ദിരം) വെഞ്ചിരിപ്പ് കർമ്മം നിർവ്വഹിക്കുകയും, വി. ബലി അർപ്പിച്ച് സന്ദേശം നൽക്കുകയും ചെയ്തു.

06. പുത്തൂർ മൈനർ സെമിനാരിയിൽ പേരൻസ് ഡേ യിൽ പങ്കെടുത്തു.

08. ഉച്ചകഴിഞ്ഞ് 2.30 ന് ജ്ഞാനനിലയത്തിൽ വച്ച് നടന്ന രൂപതാ അജപാലന കേന്ദ്ര സമിതി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു.

09. പുത്തൂർ മൈനർ സെമിനാരി സന്ദർശിച്ചു.

10. രാവിലെ 8.30 ന് നാമഹേതുക തിരുനാളിൽ കത്തീഡ്രൽ ദേവാലയത്തിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി.

11. വൈകുന്നേരം 4.45 ന് തോട്ടത്താടി ദേവാലയത്തിൽ പുതിയ ബേമ്മയുടെ വെഞ്ചിരിപ്പ് നടത്തി.

13. രാവിലെ 09.30 മണിക്ക് രൂപതാ കാര്യാലത്തിൽ നടന്ന ആലോചന സമിതിയുടെ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു.

13-14. ജ്ഞാനനിലയത്തിൽ വച്ച് നടന്ന ജൂണിയർ വൈദികരുടെ യോഗത്തിൽ പങ്കെടുത്തു.

15. രാവിലെ 8.15 ന് കത്തീഡ്രൽ ദേവാലയത്തിൽ വച്ചു രാഷ്ട്ര പതാക ഉയർത്തി. തുടർന്ന് കത്തീഡ്രൽ ദേവാലയത്തിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി.

15. രാവിലെ 11.00ന് ജ്ഞാനനിലയത്തിൽ വച്ച് നടന്ന ഡി. എസ്. റ്റി. യുടെ യോഗത്തിൽ പങ്കെടുത്തു.

16. രൂപതയുടെ വിയാനി സദനയിൽ (പുതിയ വൈദിക മന്ദിരം) വി. ബലി അർപ്പിച്ച് സന്ദേശം നൽകി.

17–29. കാക്കനാട് വച്ച് നടന്ന സീറോ മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ സിനഡിൽ പങ്കെടുത്തു.



# BISHOP'S ENGAGEMENTS

## SEPTRMBER - 2025

| | | | |
|---|---|---|---|
| 01. | Engaged | | |
| 05. | Belthangady | : | Jnananilaya |
| 06. | Sullia | | |
| 08. | Belthangady | : | Cathedral |
| 09. | Engaged | | |
| 17-18. | Puttur | : | Minor Seminary |
| 20. | Vellarikundu | | |
| 21-27. | Bangalore | : | KRCBC |

Registered News Paper
Monthly
UDAYADEEPA
BELTHANGADY
REGISTERED NO
[illegible]
LICENSED TO POST WITHOUT
PREPAYMENT
LICENSE NO
[illegible]
RNI No. KARMUL/ 2018/ 32211

POSTED AT BELTHANGADY ON THE LAST DAY OF THE MONTH
ANNUAL SUBSCRIPTION RS. 140/- PER COPY RS.12/-



Printed, Published and Owned by Fr. Joseph Valiaparambil, Bishop's House, P.B. No.13, Belthangady - 574214, Dist.-Dakshina Kannada, Karnataka, Tel.: 08256- 233975, Mob.: 09448251184. E-mail:Udayadeepabel@gmail.com. Place of publication: Bishop's House, P.B. No.13, Belthangady-574214, Dist. Dakshina Kannada, Karnataka. Printed at Shree Raghavendra Printers, Ujire-574 240, Phone: 08256–236421, Email:rpujire@gmail.com.
Editor: Fr. Lawrence Poonolil, Chancellor, 9481039879